File No. 1384016/B1/17/SYA

**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.514** — **26.04.2017 ൽ മറുപടിയ്ക്ക്**

**കേരളോത്സവത്തിന് യുവജനക്ഷേമ ബോർഡിൽ നിന്നും ധനസഹായം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. കെ.ഡി. പ്രസേനൻ** | | **ശ്രീ.എ.സി. മൊയ്തീൻ (ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** | |
| (എ)<br>(ബി) | കേരളോത്സവത്തിനുവേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നും ധനസഹായം നൽകാറുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ; | (എ)&<br>(ബി) | ഉണ്ട്. കേരളോത്സവം പ്രാദേശിക തലത്തിൽ സംഘടിപ്പിക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാനയുവജന ക്ഷേമബോർഡിൽ നിന്നും ഗ്രാന്റ് അനുവദിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചു നൽകിയ ഗ്രാന്റ് തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>ഗ്രാമപഞ്ചായത്ത് -15,000/- രൂപാ വീതം<br>ബ്ലോക്ക് പഞ്ചായത്ത് - 30,000/- രൂപാ വീതം<br>മുനിസിപ്പാലിറ്റി - 30,000/- രൂപാ വീതം<br>കോർപ്പറേഷൻ - 30,000/- രൂപാ വീതം<br>ജില്ലാ പഞ്ചായത്ത് - 2,00,000/- രൂപാ വീതം |
| (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ നൽകാനുദ്ദേശിച്ചിട്ടുള്ള ധന സഹായ-ത്തെക്കുറിച്ച് വിശദീകരിക്കുമോ? | (സി) | കേരളോത്സവത്തിന്റെ സംഘാടനവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന യുവജനക്ഷേമബോർഡ് അനുവദിക്കുന്ന ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശക്തമാണ്. ഈ ആവശ്യം പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷത്തിൽ (2017-18) കേരളോത്സവം സംഘടിപ്പിക്കുന്നതിനായി 625 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ടി തുകയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം അനുവദിക്കുന്നതാണ്. |

(signature)
സെക്ഷൻ ഓഫീസർ